"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - പാവണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിലെ റിട്ടയേർഡ് എച് എസ് ടി (അറബിക്) ശ്രീ. കെ.പി അബ്ദുൾ റഹ്മാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി (സി) നം. 25295/2017 മേലുള്ള 11/06/2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3691/2026/GEDN തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ പാവണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിലെ റിട്ടയേർഡ് എച് എസ് ടി (അറബിക്) ശ്രീ. കെ.പി അബ്ദുൾ റഹ്മാൻ സമർപ്പിച്ച 10/4/2017 ലെ (എക്സിബിറ്റ് പി8) റിവിഷൻ പെറ്റീഷൻ.
2. ശ്രീ. കെ.പി അബ്ദുൾ റഹ്മാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി (സി) നം. 25295/2017 മേലുള്ള 11/06/2025 ലെ വിധിന്യായം.
3. പാവണ്ടൂർ ഹയർ സെക്കൻഡറി സ്കൂൾ മാനേജരുടെ 03/10/2025 ലെ L 31/5/25-26 നമ്പർ ഹിയറിംഗ് കുറിപ്പുകൾ
4. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 3/10/2025 ലെ ഡി.ഇ.ഓ.ടി.എസ്.വൈ/1989/2025/ബി3 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 5/10/2025 ലെ DGE/19657/2025-VB3 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് പാവണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിലെ റിട്ട. HSA (അറബിക്) ശ്രീ കെ.പി അബ്ദുൾ റഹ്മാൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 25295/2017 മേലുള്ള പരാമർശം(2)-ലെ വിധിന്യായത്തിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 6 ആഴ്ചയ്ക്കകം റിട്ട് ഹർജിയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് ഒന്നാം എതിർ കക്ഷി മുൻപാകെ ലഭ്യമാക്കുന്നതിന് ഹർജിക്കാരനും ആയത് കൈപ്പറ്റി 8 ആഴ്ചയ്ക്കകം ഹർജിക്കാരനെ നേരിൽ കേട്ട് Expt P8 മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയ്ക്കും നിർദ്ദേശം നൽകിയിരുന്നു. മേൽ വിധിന്യായത്തിലെ ഒന്നാം ഖണ്ഡിക പ്രകാരം ശ്രീ കെ.പി അബ്ദുൾ റഹ്മാൻ റിട്ട് പെറ്റീഷനും അനുബന്ധ രേഖകളും വിധിന്യായം കൈപ്പറ്റി ആറാഴ്ചക്കകം സർക്കാരിൽ സമർപ്പിക്കേണ്ടതായിരുന്നു.

**2.** എന്നാൽ നാളതു വരെ ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ശ്രീ കെ.പി അബ്ദുൾ റഹ്മാനെ നേരിൽ കേൾക്കുന്നതിന് ഒരു ഓഫീസറെ ചുമതലപ്പെടുത്തുവാനും ഹിയറിംഗ് ലെറ്ററിൽ റിവിഷൻ പെറ്റീഷൻ അയച്ചുതരുന്നതിന് ടിയാനോട് നിർദ്ദേശിക്കുവാനും തീരുമാനിക്കുകയും ആയത് പ്രകാരം **07.10.2025** ന് ടിയാനെയും മാനേജരെയും അണ്ടർ സെക്രട്ടറിതലത്തിൽ ഓൺലൈനായി നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും **20.09.2025**-ലെ കത്ത് പ്രകാരം ടിയാനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടിയാൻ ഹിയറിംഗിന് ഹാജരാവുകയോ ഹിയറിംഗ് കുറിപ്പ് ലഭ്യമാക്കുകയോ ചെയ്യുകയുണ്ടായില്ല. മാനേജർ ഹിയറിംഗിന് ഹാജരായില്ലായെങ്കിലും ഹിയറിംഗ് കുറിപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

**3.** മാനേജറുടെ വാദങ്ങൾ

ശ്രീ കെ. പി അബ്ദുറഹിമാൻ **14.06.95** ന് സ്കൂൾ പ്രിൻസിപ്പാൾ ശ്രീ രാധാകൃഷ്ണൻ നായരോട് അപമര്യാദയായി പെരുമാറിയതായി പ്രിൻസിപ്പാൾ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി സമർപ്പിക്കുകയും പരാതിയെപ്പറ്റി അന്വേഷിച്ചു തുടർനടപടി സ്വീകരിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. പ്രാഥമിക അന്വേഷണത്തിൽ പരാതി ശരിയാണെന്ന് ബോധ്യമാവുകയും തുടർനടപടി സ്വീകരിക്കുവാനും വിശദമായി അന്വേഷണം നടത്തി അച്ചടക്കനടപടി പൂർത്തീകരിക്കുവാനും ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് അപേക്ഷിക്കുകയും ചെയ്തു. വിദ്യാഭ്യാസ ഓഫീസർ നടത്തിയ അന്വേഷണത്തിൻറെ അടിസ്ഥാനത്തിൽ അധ്യാപകന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത പ്രാബല്യത്തോടെ സ്ഥിരമായി തടഞ്ഞ് ഉത്തരവാക്കുകയും ചെയ്തു.

**4.** ഇതിനിടയിൽ പാവണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിൽ അറബിക് അധ്യാപക തസ്തിക നഷ്ടമായതിനാൽ സംരക്ഷണം ലഭിച്ച് കൊളത്തൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ജോലി ചെയ്യുന്ന സമയം, ടിയാൻ കോഴിക്കോട് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മുസ്ലിം എജുക്കേഷൻ ഓഫീസർ ശ്രീ എ കെ മുഹമ്മദിനെ ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ വഴിയിൽ തടഞ്ഞു വെച്ചതായും കയ്യേറ്റം ചെയ്തതായും കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അധ്യാപകനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും അധ്യാപകനെ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. നിർദ്ദേശപ്രകാരം അധ്യാപകനെതിരെ വേല വിലക്കേർപ്പെടുത്തുകയും പ്രാഥമിക അന്വേഷണം നടത്തി പരാതിയിൽ തുടർനടപടി ആവശ്യമാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ വിശദമായി അന്വേഷണം നടത്തുവാൻ വടകര ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകുകയും ചെയ്തു. വടകര ജില്ല വിദ്യാഭ്യാസ ഓഫീസർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ ടിയാന്റെ **2** വാർഷിക

ശമ്പള വർദ്ധവ് സഞ്ചിത പ്രാബല്യത്തിൽ സ്ഥിരമായി തടഞ്ഞ് അച്ചടക്ക നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവിനെതിരെ ടിയാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ഗവൺമെൻറ് സെക്രട്ടറിക്കും സമർപ്പിച്ച അപ്പീൽ ഹർജി നിരസിക്കപ്പെട്ടതാണ്. അധ്യാപകനെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചതും തുടർനടപടി സ്വീകരിച്ചതും കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ ആണ്. മേലധികാരികളിൽ നിന്നും ലഭിച്ച നിർദ്ദേശം നടപ്പിലാക്കിയതല്ലാതെ അധ്യാപകന്റെ അച്ചടക്ക നടപടിയിൽ മാനേജർ നേരിട്ട് ഇടപെടൽ നടത്തിയിട്ടില്ല. മേലധികാരികളിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും, അന്വേഷണ റിപ്പോർട്ട് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും, വിശദമായ അന്വേഷണം നടത്തുവാൻ അപേക്ഷിക്കുകയും ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചത് കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറാണ്. അധ്യാപകൻ സമർപ്പിച്ച പരാതിയിൽ നിയമാനുസരണം തീരുമാനമെടുക്കുന്നതിനോട് പൂർണ്ണ യോജിപ്പാണ്.

6. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ , പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവടെ അഭിപ്രായം

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസിൻറെ പരിധിയിൽ വരുന്ന പാവണ്ടൂർ ഹയർസെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പാൾ ആയിരുന്ന ശ്രീ.രാധാകൃഷ്ണൻ നായരോട് 14.06.1995 തീയതിയിൽ ശ്രീ.കെ.പി.അബ്ദുദുറഹിമാൻ ടി സ്കൂളിൽ വച്ച് അപമര്യാദയായി പെരുമാറി എന്ന് കാണിച്ച് പ്രസ്തുത ദിവസം തന്നെ ശ്രീ. രാധാകൃഷ്ണൻ നായർ വടകര ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പരാതി സമർപ്പിക്കുകയുണ്ടായി. ടി പരാതിയിന്മേൽ വടകര ജില്ല വിദ്യാഭ്യാസ ഓഫീസർ 15.06.1995-ന് സ്കൂളിലെത്തി പ്രാഥമിക അന്വേഷണം നടത്തുകയും അന്വേഷണ വിധേയനായ ശ്രീ.കെ.പി അബ്ദുറഹിമാൻ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തുവാൻ ടി സ്കൂളിലെ മാനേജർക്ക് നിർദേശം നൽകുകയും ടി അന്വേഷണത്തിൽ ശ്രീ.കെ.പി അബ്ദുറഹിമാൻ ടി സ്കൂളിലെ പ്രിൻസിപ്പാളിനോട് അപമര്യാദയായി പെരുമാറിയിട്ടുണ്ടെന്നും ആയതിനാൽ നിയമ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുവാനും 12.02.1996-ലെ കത്തു പ്രകാരം സ്കൂൾ മാനേജർ വടകര ജില്ല വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെടുകയുണ്ടായി. ആയതിൻ പ്രകാരം ശ്രീ.കെ.പി അബ്ദുറഹിമാൻ്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സ്ഥിരമായി തടഞ്ഞുകൊണ്ട് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവാകുകയും ചെയ്തു.

7. പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടിയാൾക്കെതിരായി സ്വീകരിച്ച വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അച്ചടക്ക നടപടി ശരിയാണെന്ന് കണ്ടതിനെ തുടർന്ന്

കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ടി അപ്പീൽ നിരസിച്ച് ഉത്തരവാകുകയും ചെയ്തു.

**8.** പിന്നീട് പാവണ്ടൂർ ഹയർ സെക്കൻഡറി സ്കൂളിൽ അറബിക് അധ്യാപക തസ്തിക നഷ്ടമായതിനാൽ പ്രസ്തുത അധ്യാപകൻ സംരക്ഷണം ലഭിച്ച് കൊളത്തൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ജോലി ചെയ്യവെ ബാലുശ്ശേരി ഉപജില്ലാ അറബിക് അദ്ധ്യാപകരുടെ യോഗത്തിൽ പങ്കെടുക്കാൻ പോകുകയായിരുന്ന കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ മുസ്ലിം വിദ്യാഭ്യാസ ഇൻസ്പെക്ടർ ശ്രീ.എ.കെ മുഹമ്മദിനെ ശ്രീ.കെ.പി.അബ്ദുറഹിമാൻ വഴിയിൽ തടഞ്ഞു നിർത്തുകയും ടിയാന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ തടസ്സം വരുത്തുകയും മുൻ വൈരാഗ്യം വെച്ച് ശാരീകമായി ആക്രമിക്കുകയും ചെയ്യുകയുണ്ടായി. ടി വിഷയം പരിശോധിക്കുന്നതിനായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് **15.12.1999**-ന് നടന്ന ഹിയറിംഗിൽ പങ്കെടുത്ത് തിരികെ പോകുകയായിരുന്ന ശ്രീ.മൂസാൻകുട്ടി, ശ്രീ.കൃഷ്ണൻ എന്നിവർ ശ്രീ. കെ. പി. അബ്ദു റഹിമാനെതിരെ മൊഴി നൽകി എന്ന കാരണത്താൽ കോഴിക്കോട് വിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിന്റെ കോമ്പൗണ്ടിൽ വെച്ച് പുറത്തുനിന്നു ആളുകളെ കൂട്ടികൊണ്ട് വന്ന് ഭീഷണിപ്പെടുത്തുകയും വളഞ്ഞു ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്തു. പ്രസ്തുത കുറ്റങ്ങൾ ശ്രീ.കെ.പി.അബ്ദുറഹിമാൻ ചെയ്തു എന്ന് ബോധ്യമായത്തിൻ്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നടപടികൾ സ്വീകരിക്കുകയും ടിയാന്റെ രണ്ടു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

**9.** കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്കെതിരെ ശ്രീ.കെ.പി.അബ്ദുറഹിമാൻ ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് ഹർജി സമർപ്പിക്കുകയും ആയത് പരിഗണിച്ചുകൊണ്ട് ശ്രീ.കെ.പി അബ്ദുറഹിമാനെതിരെ സ്വീകരിച്ച ശിക്ഷണ നടപടികൾ എല്ലാം തന്നെ നടപടിക്രമങ്ങൾ പാലിച്ചാണ് ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ ശ്രീ.കെ.പി അബ്ദുറഹിമാനെതിരെ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ച നടപടി ശരിയാണെന്നും കണ്ടെത്തിയതിൻറെ അടിസ്ഥാനത്തിൽ ശ്രീ. കെ. പി. അബ്ദു റഹിമാൻ സമർപ്പിച്ച ഹർജി സർക്കാർ നിരസിക്കുകയുണ്ടായി.

**10.** ശ്രീ.കെ.പി.അബ്ദുറഹിമാൻ സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജിയിൽ ടിയാനെതിരെ വകുപ്പ് സ്വീകരിച്ച ശിക്ഷണ നടപടികൾ കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെയാണെന്നും ആയതിനാൽ പുനഃപരിശോധിക്കണം എന്നും ആവശ്യപ്പെട്ടിരുന്നു. ടിയാനെതിരായ അച്ചടക്ക നടപടികൾ ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചു തീർപ്പാക്കിയിട്ടുള്ളതാണെന്ന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**11.** ശ്രീ.കെ.പി.അബ്ദുറഹിമാനെതിരെ സ്വീകരിച്ച അച്ചടക്കനടപടികൾ സർക്കാർ തലത്തിൽ പരിശോധിക്കുകയും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ച നടപടികൾ ശരിയാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുള്ളതാണ്

എന്നതിനാൽ ആയത് പുനഃപരിശോധിക്കേണ്ട പുതിയ കാരണങ്ങൾ ഒന്നുംതന്നെ നിലവിലില്ല. ടിയാന്റെ ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ശിക്ഷ തുക ഈടാക്കിക്കൊണ്ട് നടപ്പിൽ വരുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ മുൻതീരുമാനം തന്നെ സ്ഥിരപ്പെടുത്താവുന്നതാണെന്നും വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു.

12. റിട്ട് പെറ്റീഷൻ, ലഭ്യമായ രേഖകൾ എന്നിവ പരിശോധിച്ചതിന്റെയും മാനേജറുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ബോധ്യപ്പെടുകയുണ്ടായി .

13. തനിക്കെതിരായ അച്ചടക്ക നടപടി വിദ്യാഭ്യാസ ഉപ ഡയറക്ടർ രണ്ട് ഇൻക്രിമെന്റുകൾ തടഞ്ഞുകൊണ്ട് തീർപ്പാക്കിയത് നടപടിക്രമങ്ങൾ പാലിച്ചല്ല എന്നും ആയതിനെതിരെ താൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ കത്ത് മുഖേനയാണ് നിരസിച്ചിട്ടുള്ളതെന്നും ചട്ടപ്രകാരം സമർപ്പിക്കുന്ന അപ്പീൽ ഉത്തരവ് മുഖേനയാണ് തീർപ്പാക്കേണ്ടത് എന്ന കോടതി നിർദ്ദേശം നിലനിൽക്കെ ആയത് കത്ത് മുഖേന തീർപ്പാക്കിയതെന്നും തനിക്ക് ന്യായമായ അവസരം നൽകാതെയാണ് പ്രസ്തുത തീർപ്പാക്കൽ എന്നും ചൂണ്ടിക്കാട്ടിയാണ് ടിയാൻ **Expt P 8** റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. തന്നെ നേരിൽ കേട്ടശേഷം ആയത് തീർപ്പാക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടാണ് ടിയാൻ **2017**-ൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തത്.

14. ശ്രീ.കെ.പി.അബ്ദുറഹിമാനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികൾ ക്രമപ്രകാരമാണ് എന്നു കണ്ടാണ് ടിയാൻ സമർപ്പിച്ച റിവിഷൻ ഹർജി സർക്കാർ നിരസിച്ചിട്ടുള്ളതെന്ന് **13.10.2015**-ലെ കത്തിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. എന്നാൽ ആയത് നിരസിച്ചത് ഉത്തരവ് മുഖേനയല്ലെന്നും തനിക്ക് നേരിൽ കേൾക്കാൻ അവസരം നൽകിയില്ലെന്നുമാണ് ടിയാൻ നിലവിൽ പരാതിപ്പെട്ടിട്ടുള്ളത്. എന്നാൽ നിലവിൽ ബഹു: ഹൈക്കോടതി നിർദ്ദേശം പ്രകാരം റിട്ട് ഹർജിയുടെ പകർപ്പ് ലഭ്യമാക്കുന്നതിനോ ഹിയറിംഗിന് ഹാജരാകുന്നതിനോ ടിയാൻ തയ്യാറായിട്ടില്ലാത്തതാണ്. മാത്രവുമല്ല ടിയാന്റെ ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ശിക്ഷ തുക ഈടാക്കിക്കൊണ്ട് നടപ്പിൽ വരുത്തിയിട്ടുള്ളതാണ്.

15. പ്രസ്തുത സാഹചര്യത്തിൽ ശ്രീ കെ.പി അബ്ദുൾ റഹ്മാന് പ്രത്യേകമായി യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ മുൻതീരുമാനം തന്നെ സ്ഥിരപ്പെടുത്തികൊണ്ട് ടിയാൻ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചുകൊണ്ട് ടിയാൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WPC 25295/2017** ലെ **11/06/2025** ലെ വിധിന്യായം അപ്രകാരം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ANITHA RAJ V**

**#ApprovedByDesignation#**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി
മാനേജർ, പാവണ്ടൂർ എച് എസ് എസ്, പാവണ്ടൂർ, കോഴിക്കോട്-673613
ശ്രീ. കെ പി അബ്ദു റഹിമാൻ, S/o കോയക്കുട്ടി ഹാജി, LAFR മഹൽ, കരുമല, കോഴിക്കോട് - 673 612
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 01-06-2026 16:35:49
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ ക്ക്